**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥയുടെ നടപടി ഉത്തരവ്**

(ഹാജർ : ഹേമപ്രഭ. ഡി)

വിഷയം :- പൊ.മ.വ - ജീവനക്കാര്യം -സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം:- 1) 18.01.2018-ലെ ഈ കാര്യാലയത്തിലെ എസ് സി2/89/2012 പാർട്ട് I.
2) 21.07.2015-ലെ ഉത്തരവ് നം. ഇ1/22353/2012 (1) വാല്യം. II.
3) 12.10.2017-ലെ ഉത്തരവ് നം. എസ് സി2/89/2012.

**ഉത്തരവ് നം. ഇ1/4194/2017 തീയതി : 6. 3. 2018**

പൊതുമരാമത്ത് വകുപ്പ്, തിരുവല്ല റോഡ്സ് സബ് ഡിവിഷൻ ഓഫീസിലെ ശ്രീമതി. ഉഷാദേവി.പി.എ-യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം യു. ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ പരാമർശം (3) പ്രകരമുള്ള യു.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാരി ഉൾപ്പെട്ടിരുന്നില്ല.

ശ്രീമതി. ഉഷാദേവി. പി. എ-യുടെ അപേക്ഷപ്രകാരം പരാമർശം (1) ഉത്തരവ് പ്രകാരം പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 58 സുനിത.ടി.കെ.യുടെയും ക്രമ നമ്പർ.59 രാധ. കെ. എം. ന്റെയും മദ്ധ്യേയായി ക്രമ നമ്പർ. 58 (എ) എന്ന ക്രമത്തിൽ ടിയാരിയെ ഉൾപ്പെടുത്തി ഉത്തരവായിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജൂനിയേഴ്സിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റം നൽകിയ തീയതിയായ 01.04.2016 മുതൽ ടിയാരിയും സ്ഥാനക്കയറ്റത്തിന് അർഹ യാണ്. ആയതിനാൽ ടിയാരിയ്ക്ക് 01.04.2016 തീയതി പ്രാബല്യത്തിൽ യു. ഡി. ടൈപ്പിസ്റ്റിൽ നിന്നും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി 26500-56700 ശമ്പള സ്കെയിലിൽ കേരള സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ റൂൾ 28 (എ) 1 പ്രകാരം സ്ഥാനക്കയറ്റം നൽകിയും ഇപ്പോൾ ജോലി ചെയ്യുന്ന അതേ ഓഫീസിൽ തുടരുവാൻ അനുവദിച്ചും ഉത്തരവാകുന്നു.

| പേര് | ജനന തീയതി | സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ. | സ്ഥാനക്കയറ്റ പ്രാബല്യ തീയതി |
|---|---|---|---|
| ഉഷാദേവി. പി. എ<br>റോഡ്സ് സബ് ഡിവിഷൻ,തിരുവല്ല. | 26.5.1964 | 58 (എ) | 01.04.2016 |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ശമ്പള കുടിശ്ശികയ്ക്ക് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
മുതിർന്ന ഭരണ കാര്യസ്ഥ

വ്യക്തിക്ക്.

പകർപ്പ് : 1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപ വിഭാഗം, തിരുവല്ല.
2) ഐ.റ്റി.സെൽ/ സീനിയോറിറ്റി സെൽ/ അധിക പകർപ്പ്/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

ഭരണസഹായി (മിനിസ്റ്റീരിയൽ)

എഫ്.സി.7